*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

125th Issue - Volume 4, No. 6 ജാഗ്രത 22nd February 2010

"പുഞ്ചിരി ഒരു തിരിവെട്ടമാണ് ; സങ്കടപ്പെടുന്നവരുടെ മുഖത്തേയ്ക്ക് നോക്കി കരുണയോടെ ഞാൻ പുഞ്ചിരിക്കും"

വി. അൽഫോൻസ

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil MST



## പ്രധാനവാർത്തകൾ

**അവകാശനിഷേധം തുടർന്നാൽ തെരഞ്ഞെടുപ്പിൽ പ്രത്യാഘാതം ഉണ്ടാവും: മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ**

---

**സാമൂഹ്യനീതിയുടെ പുനഃസ്ഥാപനത്തിന് കേന്ദ്രം തീരുമാനമെടുക്കണം: ഡോ.സെൽവിസ്റ്റർ പൊന്നുമുത്തൻ**

---

**സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളജ് അഫിലിയേഷൻ സർക്കാർ നിർദേശം അംഗീകരിക്കാനാവില്ല: മാർ ജോസഫ് പവ്വത്തിൽ**

---

**ന്യൂനപക്ഷ വിദ്യാഭ്യാസ അവകാശങ്ങൾ ധ്വംസിക്കരുത്: കത്തോലിക്കാ കോൺഗ്രസ്**

---

**വീര്യം കുറഞ്ഞ മദ്യത്തിനെതിരേ ശക്തമായ സമരം: ഡോ. സൂസപാക്യം**

---

**ദേശീയഗാനം രാഷ്ട്രത്തിനായുള്ള പ്രാർത്ഥന: മാർ ജോസഫ് കല്ലറങ്ങാട്ട്**

## അവകാശനിഷേധം തുടർന്നാൽ തെരഞ്ഞെടുപ്പിൽ പ്രത്യാഘാതം ഉണ്ടാവും: മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ



മതം നോക്കാതെ നാടാർ സമുദായത്തിലെ എല്ലാ വിഭാഗങ്ങൾക്കും സംവരണം നൽകാനുള്ള ബാധ്യത നിറവേറ്റാൻ ഉത്തരവാദപ്പെട്ടവർ തയാറാകുന്നില്ലെങ്കിൽ തെരഞ്ഞെടുപ്പിൽ ഫലം അറിയുമെന്ന് മലങ്കരസഭയുടെ മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ അനുസ്മരിപ്പിച്ചു. അക്രമവും അരാജകത്വവും സൃഷ്ടിച്ചാലേ നീതി നടത്തൂ എന്ന് വരുന്നത് നാടിന്റെ നാശത്തിനാവും കാരണമാവുക. ഉപവാസവും ധർണകളും സമാധാനപരമായ മാർഗങ്ങളും കൊണ്ട് കാര്യങ്ങൾ നേടാനാവുമെന്ന് തെളിയിക്കേണ്ട ബാധ്യത സർക്കാരിനുണ്ട്. മതപരിഗണന കൂടാതെ നാടാർസമുദായത്തിലെ എല്ലാവർക്കും സംവരണം വേണം എന്നാവശ്യപ്പെട്ട് മലങ്കര നാടാർ കാത്തലിക് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റ് കവാടത്തിൽ അമ്മമാരുടെയും കുട്ടികളുടെയും പ്രതിനിധികൾ നടത്തിയ ധർണ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു കാതോലിക്ക ബാവ. തിരുവനന്തപുരം മേജർ അതിരൂപത ചീഫ് വികാരി ജനറാൾ മോൺ. ജയിംസ് പാറവിള, ജോർജ് മേഴ്സിയർ എം.എൽ.എ, ഫാ.വർഗീസ് കൈതോളിൽ,ഫാ. ജോർജ് ജോഷ്വ കന്നിലേത്ത്, പാറശാല വൈദിക ജില്ലാ വികാരി ഫാ. സെബാസ്റ്റ്യൻ കണ്ണന്താനം, നാടാർ മൂവ്മെന്റ് കൺവീനർ സി.എസ് കുമാർ, പി.പൗലോസ്, ധർമ്മരാജ് വെൺകുളം, എൽ.തങ്കരാജ്, ക്രിസ്തുദാസ് നെടുമങ്ങാട്, വനിതാ പ്രതിനിധി സരോജിനി എന്നിവർ സമരത്തിനു നേതൃത്വം കൊടുത്തു. മലങ്കര നാടാർ സമൂഹം സമരം ചെയ്യുന്നത് ഓന്നോ രണ്ടോ പള്ളിക്കു വേണ്ടിയല്ല. ഭരണഘടന ഉറപ്പാക്കിയ അവകാശങ്ങൾ എല്ലവർക്കും കിട്ടാനാണ്. ഞങ്ങൾ ചോദിക്കുന്നത് ഔദാര്യമല്ല, അവകാശമാണ്. കേന്ദ്രസർക്കാർ നടപ്പാക്കുന്ന നിയമം ഇവിടെയും ബാധകമാക്കണമെന്നാണ്. ആവശ്യം നീതിയാണെന്ന് ഇപ്പോഴത്തെ ഭരണക്കാരും മുൻഭരണക്കാരും സമ്മതിക്കുന്നു. എന്നാൽ നീതി നടപ്പാക്കുന്നില്ല. മതം നോക്കിയല്ല, വിശ്വാസികൾ പോകുന്ന പള്ളി നോക്കിയല്ല ഭരണഘടന സംവരണംനിശ്ചയിച്ചത്. സാമുദായികവും സാമ്പത്തികവുമായ കാരണങ്ങൾ കൊണ്ടാണ്. നാടാർ സമുദായത്തിലെ എല്ലാ വിഭാഗങ്ങളും സംവരണത്തിന് അർഹരാണ്. ഞങ്ങൾ പ്രക്ഷോഭണം നടത്തുന്നത് ഏതാനും പള്ളികൾക്കു വേണ്ടിയല്ല. സമുദായത്തിനാകെ വേണ്ടിയാണ് അദ്ദേഹം പറഞ്ഞു. നികുതി പിരിക്കുമ്പോൾ സർക്കാർ ജാതി നോക്കുന്നില്ലല്ലോ?. തെരഞ്ഞെടുപ്പുകാലത്ത് ഉണർന്നാൽ മതിയെന്ന് കരുതുന്ന നേതാക്കന്മാർക്ക് ഒരു താക്കീതാണ് ഈ അമ്മമാർ. അവർക്കു സംവരണമാണ് നിഷേധിച്ചിട്ടുള്ളത്, വോട്ടവകാശമല്ല. കാതോലിക്കബാവ ഓർമ്മിപ്പിച്ചു. മലങ്കര നാടാർ മൂവ്മെന്റിന്റെ ആവശ്യം തികച്ചും ന്യായമാണെന്ന് ചടങ്ങിൽ പ്രസംഗിച്ച ജോർജ് മേഴ്സിയർ എം.എൽ.എ പറഞ്ഞു.

## സാമൂഹ്യനീതിയുടെ പുനഃസ്ഥാപനത്തിന് കേന്ദ്രം തീരുമാനമെടുക്കണം: ഡോ.സെൽവിസ്റ്റർ പൊന്നുമുത്തൻ



സാമൂഹ്യനീതി നിഷേധിക്കപ്പെട്ട രാജ്യത്തെ ദളിത് ക്രൈസ്തവർ അടക്കമുള്ള അടിസ്ഥാനവർഗ മതവിശ്വാസികൾക്ക് നീതി ലഭിക്കുവാൻ കേന്ദ്രസർക്കാർ നിയമ നടപടി സ്വീകരിക്കണമെന്ന് പുനലൂർ ബിഷപ് ഡോ.സെൽവിസ്റ്റർ പൊന്നുമുത്തൻ. പുനലൂർ രൂപതയുടെ നേതൃത്വത്തിൽ പത്തനാപുരം സെന്റ് സേവ്യേഴ്സ് വിദ്യാനികേതൻ ആനിമേഷൻ സെന്ററിൽ ചേർന്ന ജസ്റ്റീസ് രംഗനാഥമിശ്ര കമ്മീഷൻ റിപ്പോർട്ടും സാമൂഹ്യനീതിയും എന്ന വിഷയത്തിൽ നടത്തിയ സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ നിന്നായി മുന്നൂറിൽപരം പ്രതിനിധികൾ പങ്കെടുത്ത സെമിനാർ മൂന്നു ഘട്ടങ്ങളിലായാണ് നടന്നത്. ഉദ്ഘാടനസമ്മേളനത്തിൽ പുനലൂർ രൂപതാ ചാൻസിലർ ഡോ.ജോൺസൺ ജോസഫ്, കേരള റീജണൽ ലാറ്റിൻ കാത്തലിക് കൗൺസിൽ ജനറൽ സെക്രട്ടറി ഫാ. സ്റ്റീഫൻ ജി കുളക്കായത്തിൽ, കെ.ഡി.എഫ് സംസ്ഥാന പ്രസിഡന്റ് പി രാമഭദ്രൻ, പുനലൂർ സോഷ്യൽ സർവീസ് ഡയറക്ടർ ഡോ.റോയി പ്രകാശ്, ബി സിംസൺ,

ഫാ.ജോയി ശാമുവൽ, ശൂരനാട് ഗ്രിഗറി, ഷാജി ജോർജ്, അഡ്വ.പി ജെറോം, സി.ആർ നജീബ് എന്നിവർ പ്രസംഗിച്ചു. അഡ്വ.ആന്റണി അമ്പാട്ട് വിഷയം അവതരിപ്പിച്ചു.

## സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളജ് അഫിലിയേഷൻ സർക്കാർ നിർദേശം അംഗീകരിക്കാനാവില്ല: മാർ ജോസഫ് പവ്വത്തിൽ



ന്യൂനപക്ഷങ്ങൾ തങ്ങളുടെ വിദ്യാഭ്യാസ അവകാശങ്ങൾ അടിയറവച്ച് സർക്കാരുമായി കരാർ ഒപ്പിട്ടാൽ മാത്രമേ സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളജുകളുടെ ഇപ്പോഴുള്ള അഫിലിയേഷൻ പുതുക്കുകയുള്ളൂവെന്ന വിദ്യാഭ്യാസ വകുപ്പിന്റെയും യൂണിവേഴ്സിറ്റിയുടെയും നിർദേശം അംഗീകരിക്കാനാവില്ലെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യുക്കേഷൻ ചെയർമാൻ ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. ഹൈക്കോടതി ഭരണഘടനാ വിരുദ്ധമായി കണ്ടു റദ്ദുചെയ്ത സ്വാശ്രയ വിദ്യാഭ്യാസ നിയമം പിൻവാതിലിലൂടെ നടപ്പിലാക്കാനുള്ള ശ്രമമാണ് ഇപ്പോൾ. ജനാധിപത്യവിരുദ്ധവും ഭരണഘടനാവിരുദ്ധവും മതസ്വാതന്ത്ര്യ വിരുദ്ധവുമായ ഈ നീക്കത്തെ എല്ലാവിധ ജനാധിപത്യ മാർഗങ്ങളിലൂടെയും എതിർക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. വിദ്യാഭ്യാസരംഗത്ത് അനാവശ്യവും അർഥശൂന്യവുമായ പ്രതിസന്ധി സൃഷ്ടിച്ച് വിദ്യാർഥികൾ മറ്റു സംസ്ഥാനങ്ങളിലേക്ക് കുടിയേറാൻ സർക്കാർ ആസൂത്രിതമായി നടത്തുന്ന ശ്രമങ്ങളുടെ ഭാഗമാണ് ഈ ഭരണഘടനാവിരുദ്ധമായ നീക്കമെന്നു സംശയിക്കുന്നു. സർക്കാരിന്റെ ഈ നയങ്ങൾമൂലം ഏതാണ്ട് മൂന്നു ലക്ഷം വിദ്യാർഥികളാണ് മറ്റു സംസ്ഥാനങ്ങളിലെ കോളജുകൾ തേടിപ്പോയിരിക്കുന്നത്. മറ്റു സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ ഏജൻസികളിൽനിന്നും പണംപറ്റി നടത്തുന്ന തന്ത്രങ്ങളാണിതെന്നും ആരോപണമുണ്ട്. കേരള സർക്കാരിന്റെ ന്യൂനപക്ഷവിരുദ്ധവും മതവിരുദ്ധവുമായ നിലപാടുകളുടെ തുടർച്ചയാണിതിൽ കാണാൻ കഴിയുന്നത്. ഇനിയെങ്കിലും തെറ്റുകൾ തിരുത്താൻ സർക്കാർ തയാറാകണമെന്ന് മാർ പവ്വത്തിൽ ആവശ്യപ്പെട്ടു.

## ന്യൂനപക്ഷ വിദ്യാഭ്യാസ അവകാശങ്ങൾ ധ്വംസിക്കരുത്: കത്തോലിക്കാ കോൺഗ്രസ്

കേരളത്തിലെ സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളജുകളുടെ അഫിലിയേഷൻ പുതുക്കാൻ വിദ്യാഭ്യാസ വകുപ്പും യൂണിവേഴ്സിറ്റിയും മുൻപോട്ട്വച്ചിരിക്കുന്ന നിബന്ധനകൾ മതന്യൂനപക്ഷ വിരുദ്ധവും പ്രതികാരപരവുമാണെന്ന് അഖില കേരള കത്തോലിക്കാ കോൺഗ്രസ് കേന്ദ്രഭാരവാഹികളുടെ യോഗം അഭിപ്രായപ്പെട്ടു. ഇടതുപക്ഷ സർക്കാർ ഭരണം ആരംഭിച്ചതു മുതൽ സ്വാശ്രയ വിദ്യാഭ്യാസരംഗത്തു അനാവശ്യമായും വിവേചനപരമായും നടപ്പാക്കുവാൻ ശ്രമിച്ച പരിഷ്കാരങ്ങൾ പല നിയമയുദ്ധങ്ങൾ വഴി പരാജയപ്പെട്ടിട്ടും വീണ്ടും അവിടെ പ്രതിസന്ധി സൃഷ്ടിച്ച് വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കു തുരങ്കം വയ്ക്കുന്ന നടപടി അപലപനീയമാണ്. ദളിത് ക്രൈസ്തവരെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്താൻ പ്രയോജനപ്പെടുന്ന രംഗനാഥമിശ്ര കമ്മീഷൻ റിപ്പോർട്ട് പാർലമെന്റിൽ അവതരിപ്പിച്ചു പാസാക്കിയെടുക്കണമെന്ന പ്രമേയം പാസാക്കി പ്രധാനമന്ത്രിക്ക് യോഗം അയച്ചുകൊടുത്തു. സംസ്ഥാന പ്രസിഡന്റ് എം.ഡി ജോസഫ് മണ്ണിപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് പ്രഫ.കെ.കെ ജോൺ, ടോമി തുരുത്തിക്കര, അഡ്വ.ബിജു സെബാസ്റ്റ്യൻ, ബേബിച്ചൻ ഏർത്തയിൽ, മാത്യു മടുക്കക്കുഴി, ബേബി മാത്യു, കെ.റ്റി തോമസ്, ടോമിച്ചൻ അയ്യരുകുളങ്ങര, സൈബി അക്കര എന്നിവർ പ്രസംഗിച്ചു.

## വീര്യം കുറഞ്ഞ മദ്യത്തിനെതിരേ ശക്തമായ സമരം: ഡോ. സൂസപാക്യം



വീര്യം കുറഞ്ഞ മദ്യം പ്രചരിപ്പിക്കാനുള്ള സർക്കാർ നീക്കത്തിനെതിരെ ശക്തമായ സമരം ഉണ്ടാകുമെന്നു ആർച്ച് ബിഷപ് ഡോ.സൂസപാക്യം മുന്നറിയിപ്പു നല്കി. കേരള സർക്കാർ വീര്യം കുറഞ്ഞ മദ്യം വിപണിയിലിറക്കുന്നതിനെതിരേ തിരുവനന്തപുരം ലത്തീൻ അതിരൂപതാ കെസിവൈഎം സെക്രട്ടേറിയറ്റ് പടിക്കൽ നടത്തിയ മദ്യ വിരുദ്ധ നിരാഹാര സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അതിരൂപതാ വികാരി ജനറാൾ മോൺ.യൂജിൻ എച്ച്. പെരേര, അതിരൂപതാ കെ.സി.ഐ.എം ഡയറക്ടർ

ഫാ.പോൾ സണ്ണി, അതിരൂപതാ പ്രസിഡന്റ് എബിൻ, രൂപതാ ആനിമേറ്റർ സിസ്റ്റർ മാഗി, പുല്ലുവിള ഫൊറോന പ്രസിഡന്റ് ജോ വിക്ടർ, സെക്രട്ടറി ജോണി സൈമൺ തുടങ്ങിയവർ നേതൃത്വം നല്കി. ഇത് ഒരു സൂചനാ സത്യാഗ്രഹം മാത്രമാണെന്നും തുടർന്നു കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും കെസിവൈഎമ്മിന്റെ നേതൃത്വത്തിൽ ശക്തമായ സമര പരിപാടികൾ സംഘടിപ്പിക്കുമെന്നും ആർച്ച് ബിഷപ് പറഞ്ഞു. കേരളത്തിലെ സ്ത്രീകളെയും കുട്ടികളെയുംവരെ കുടിപ്പിക്കുന്നതിനുള്ള തന്ത്രമാണ് സർക്കാർ ആലോചിക്കുന്നത്. വീര്യം കുറഞ്ഞ മദ്യം വിപണിയിലെത്തിക്കുന്നതോടെ കേരളത്തെ തകർക്കുന്നതിനാണ് സർക്കാർ ആലോചിക്കുന്നതെന്നേ വിചാരിക്കാൻ കഴിയൂ. സമൂഹം നശീകരണ പ്രവർത്തികൾക്കെതിരായി മുന്നോട്ട് വരണം. വോട്ടുബാങ്ക് ലക്ഷ്യം വച്ചാണ് സർക്കാർ ഇതൊക്കെ ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു. ഗോവ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ബിക്കാർഡി മാർട്ടിനി ഇന്ത്യാ ലിമിറ്റഡ് എന്ന കമ്പനിക്കാണ് വീര്യം കുറഞ്ഞ മദ്യം വിൽക്കാനുള്ള അനുമതി നല്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുന്നത്. അടുത്ത മാസം നടക്കുന്ന നിയമസഭാ സമ്മേളനത്തിൽ ഇത് അംഗീകാരത്തിനായി സമർപ്പിക്കും. ഈ സാഹചര്യത്തിലാണ് മദ്യവിരുദ്ധ സമരം വീണ്ടും ശക്തമായിരിക്കുന്നത്.

## ദേശീയഗാനം രാഷ്ട്രത്തിനായുള്ള പ്രാർത്ഥന: മാർ ജോസഫ് കല്ലറങ്ങാട്ട്



ദേശീയഗാനം രാഷ്ട്രത്തിനായുള്ള പ്രാർഥനയാണെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട്. പാലാ സെന്റ് തോമസ് എച്ച്എസ്എസ് വാർഷികവും അധ്യാപക-രക്ഷാകർതൃദിനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്. രാജ്യത്തെ സംസ്ഥാനങ്ങൾ, പ്രധാന നദികൾ, പർവത - മലനിരകൾ എല്ലാം അനുസ്മരിച്ചുകൊണ്ട് രാഷ്ട്രത്തെ ദൈവത്തിനു സമർപ്പിക്കുകയാണ് ദേശീയഗാനത്തിൽ. രാജ്യത്തെ ഒന്നായി കാണാനും രാജ്യത്തിനുവേണ്ടി നിലകൊള്ളാനും വിദ്യാലയങ്ങളിൽ ഒന്നുചേർന്ന് അധ്യാപകരും വിദ്യാർഥികളും ദേശീയഗാനം ആലപിക്കുമ്പോൾ വിദ്യാലയം വീടായി മാറുന്നു. സ്നേഹം, കൂട്ടായ്മ, ഐക്യം, ഈശ്വരവിശ്വാസം എന്നിവ കൈമാറാനാണ് ദേശീയഗാനം ഓർമിപ്പിക്കുന്നത് - ബിഷപ് പറഞ്ഞു. സർവീസിൽനിന്നു വിരമിക്കുന്ന ഹെഡ്മാസ്റ്റർ ഫാ. ജോസഫ് മണ്ണനാലിനു സമ്മേളനത്തിൽ യാത്രയയപ്പു നൽകി. മാനേജർ റവ. ഡോ. അലക്സ് കോഴിക്കോട്ട് അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഫാ. ബർക്കുമാൻസ് കുന്നുംപുറം, ബിജി ജോജോ, ജോസ് പി. മറ്റം, ഫാ. ജേക്കബ് മുരിക്കൻ, എ.എം സെബാസ്റ്റ്യൻ, മാത്തുക്കുട്ടി ജോസഫ്, ചാൾസ് ജോസഫ് എന്നിവർ പ്രസംഗിച്ചു.

*കുട്ടികളെയും സ്ത്രീകളെയും വരെ മദ്യത്തിന് അടിമകളാക്കുന്ന വീര്യം കുറഞ്ഞ മദ്യത്തിന്റെ വിതരണം നടത്താനുള്ള സർക്കാർ നീക്കം ഉപേക്ഷിക്കണമെന്നും മദ്യത്തിന്റെ വില്പന കേന്ദ്രങ്ങൾ വർധിപ്പിച്ച് കൂടുതൽ മദ്യപാനികളെ സൃഷ്ടിക്കാനുള്ള സർക്കാർ നീക്കത്തിനെതിരേ കെസിബിസി മദ്യവിരുദ്ധ ജനകീയ മുന്നണിയും മദ്യനിരോധന സമിതിയും സംയുക്തമായി പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കുമെന്നും കെസിബിസി മദ്യവിരുദ്ധ സമിതി ചെയർമാൻ ഡോ.സെബാസ്റ്റ്യൻ തെക്കെത്തെച്ചേരിൽ പ്രസ്താവിച്ചു.*


JAGRATHA News

**"Jagratha News"** - An internet news service is free and for private circulation

**Web:** jagrathakcbc.blogspot.com.

**Designed and Edited by** Fr. Johny Kochuparambil MST, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA